**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**<u>ബി.പി.എൽ ആനുകൂല്യം</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1043 — 30-09-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.എൽ പട്ടികയിൽ നിന്ന് നാല് ചക്രവാഹനം സ്വന്തമായുള്ളവരെ ഒഴിവാക്കിയതിനാൽ, ഏകവരുമാനമെന്ന നിലയിൽ ടാക്സിയായി നാലുചക്രവാഹനം ഉപയോഗിക്കുന്ന കുടുംബത്തിലെ അംഗങ്ങൾക്ക് മാരകരോഗങ്ങൾ പിടിപെടുമ്പോൾ ബി.പി.എൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിൽ നേരിടുന്ന തടസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | 27-04-2012-തീയതിയിലെ സ.ഉ.(കൈ)നം.112/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ബി.പി.എൽ പട്ടികയിൽ നിന്ന് നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവരെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മാരകരോഗങ്ങൾ ബാധിച്ചവരും ശയ്യാവലംബരുമായ കുടുംബാംഗങ്ങൾ ഉണ്ടെങ്കിൽ ആ കുടുംബത്തെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ കുടുംബങ്ങൾക്ക് ബി.പി.എൽ സാക്ഷ്യപത്രം നൽകാൻ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തി 30-09-2015 തീയതിയിലെ സ.ഉ.(കൈ)നം. 309/15/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**